# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 14

## വാർത്താക്കുറിപ്പ് - 1

# സിൻഡിക്കേറ്റ് മോഡറേഷൻ: ആരോപണങ്ങൾ അടിസ്ഥാനരഹിതം

സിൻഡിക്കേറ്റ് മോഡറേഷനുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങൾ വസ്തുതാവിരുദ്ധവും അടിസ്ഥാനരഹിതവുമാണെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാല പരീക്ഷ ചട്ടങ്ങളനുസരിച്ചാണ് സിൻഡിക്കേറ്റ് മോഡറേഷൻ നൽകിയിട്ടുള്ളത്.

ഒരു വിഷയത്തിനു മാത്രം തോറ്റതിനാൽ ബി.ടെക് കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്ത ഒരു വിദ്യാർഥിനി മോഡറേഷനു വേണ്ടി 2019 ഫെബ്രുവരി 22ന് മഹാത്മാഗാന്ധി സർവകലാശാലയിൽ നടന്ന ഫയൽ അദാലത്തിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ അദാലത്ത് തീരുമാനമൊന്നും കൈക്കൊണ്ടിരുന്നില്ല. ബി.ടെക് കോഴ്സ് എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവകലാശാലയിലേക്ക് പൂർണമായി മാറിയതിനാലും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം മഹാത്മാഗാന്ധി സർവകലാശാലയിൽ അവശേഷിക്കുന്നതിനാലും ഒരു മാർക്കിന്റെ കുറവുമൂലം ഒരു വിഷയത്തിനു മാത്രം ജയിക്കാനാകാതെ, കോഴ്സ് പൂർത്തീകരിക്കാൻ കഴിയാതിരിക്കുന്ന സാഹചര്യവും പരിഗണിച്ച് സ്പെഷൽ മോഡറേഷൻ നൽകുന്നതിനായി വിഷയം സർവകലാശാല അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. അദാലത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് മാർക്ക് നൽകിയിട്ടില്ല.

പെട്ടെന്നുണ്ടായ ഔദ്യോഗിക തിരക്കിനെത്തുടർന്ന് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി വീഡിയോ കോൺഫറൻസിങ്ങിലൂടെയാണ് അദാലത്ത് ഉദ്ഘാടനം ചെയ്തത്. ബഹു. മന്ത്രി അദാലത്തിൽ നേരിട്ട് പങ്കെടുത്തിരുന്നില്ല. ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദാലത്തിൽ പങ്കെടുത്തിരുന്നു. അദാലത്തിന്റെ ഉദ്ഘാടനചടങ്ങിൽ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പങ്കെടുത്തിരുന്നെങ്കിലും അദാലത്തിൽ പങ്കെടുത്തില്ല. സർവകലാശാല അധികൃതർ ആവശ്യപ്പെട്ടത് അനുസരിച്ച് ആശംസാപ്രസംഗം നടത്തുക മാത്രമാണ് ചെയ്തത്.

ബി.ടെക് കോഴ്സ് എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ സർവകലാശാലയിലേക്ക് പൂർണമായി മാറിയതിനാൽ സപ്ലിമെന്ററി വിദ്യാർഥികൾ മാത്രമാണ് മഹാത്മാഗാന്ധി സർവകലാശാലയിൽ തുടരുന്നത്. ഒരു വിഷയത്തിനു മാത്രം തോറ്റതുമൂലം ബി.ടെക്. കോഴ്സ് പൂർത്തീകരിക്കാൻ സാധിക്കാത്ത നിരവധി വിദ്യാർഥികൾ സർവകലാശാലയെ സമീപിച്ച സാഹചര്യത്തിൽ 2019 ഏപ്രിൽ 30ന് കൂടിയ സിൻഡിക്കേറ്റ് വിഷയം പരിഗണിച്ചു. തുടർന്ന് ഒരു വിഷയത്തിനു മാത്രം പരാജയപ്പെട്ടതിനാൽ ബി.ടെക്. കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് പരമാവധി അഞ്ചു മാർക്ക് വരെ മോഡറേഷൻ നൽകാൻ തീരുമാനിച്ചിരുന്നു. ഈ സിൻഡിക്കേറ്റ് തീരുമാനം മാധ്യമങ്ങളിലൂടെ വിദ്യാർഥികളെ അറിയിച്ചിരുന്നു.

സിൻഡിക്കേറ്റ് തീരുമാനം ഒരു വിഷയത്തിനു മാത്രം പരാജയപ്പെട്ടതിനാൽ കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്ത ബി.ടെക് വിദ്യാർഥികൾക്കെല്ലാം ബാധമാകുന്നതാണ്. നിരവധി വിദ്യാർഥികൾക്ക് ഇതിന്റെ ആനുകൂല്യം ഇതിനകം ലഭിച്ചിട്ടുണ്ട്. സർവകലാശാല പരീക്ഷ ചട്ടങ്ങൾ പ്രകാരമാണ് സിൻഡിക്കേറ്റ് മോഡറേഷൻ അനുവദിച്ചത്. ഇതിന് മറ്റ് രീതിയിലുള്ള ഇടപെടലുകളുണ്ടെന്ന ആരോപണം അടിസ്ഥാനരഹിതമാണ്.

പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. പി.കെ. പത്മകുമാർ, പബ്ലിക് റിലേഷൻസ് ഓഫീസർ എ. അരുൺകുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 14

# വാർത്താക്കുറിപ്പ് - 2

## എം.എ./എം.എസ്‌സി./എം.കോം. (പ്രൈവറ്റ്) പരീക്ഷാകേന്ദ്രം

ഒക്ടോബർ 16 മുതൽ ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം. ഒക്ടോബർ 2019 പരീക്ഷയുടെ പരീക്ഷാകേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1816/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 17 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1817/2019)

നാലാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 23 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1818/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്‌മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1819/2019)

## പി.ജി. മൂല്യനിർണയം; ഉത്തരക്കടലാസ് കൈപ്പറ്റണം

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ പി.ജി. (റഗുലർ) പരീക്ഷകളുടെ മൂല്യനിർണയത്തിന് ഉത്തരവ് ലഭിച്ച അധ്യാപകർ ഒക്ടോബർ 17, 18, 19 തീയതികളിൽ അതത് സോണൽ ക്യാമ്പിൽ നിന്നും ഉത്തരക്കടലാസ് കൈപ്പറ്റണം. ഒക്ടോബർ 17ന് എം.കോം., 18ന് എം.എ., 19ന് എം.എസ്‌സി.യും ഇതരവിഷയങ്ങളും എന്ന നിലയ്ക്കാണ് ഉത്തരക്കടലാസുകൾ വിതരണം ചെയ്യുക. സോണൽ ക്യാമ്പ് ഫോൺ നമ്പരുകൾ: പാലാ (9496322760), കോട്ടയം (9544131129), ചങ്ങനാശ്ശേരി (9895192713), കോഴഞ്ചേരി (7306272007), തൃപ്പൂണിത്തുറ (8078372319), ആലുവ (9947176240), മൂവാറ്റുപുഴ (9946554827), കട്ടപ്പന (8281319301).

(പി.ആർ.ഒ./39/1820/2019)

## ഭിന്നശേഷി വിഭാഗങ്ങളിൽ ആശയവിനിമയത്തിന് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണം - പ്രൊഫ. സാബു തോമസ്

ഭിന്നശേഷി വിഭാഗങ്ങളിൽ ആശയവിനിമയം മെച്ചപ്പെടുത്താൻ നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ്, സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ആരംഭിച്ച രാജ്യാന്തര സെമിനാറിൽ 'ഓഗ്‌മെന്റേറ്റീവ് ആന്റ് അൾട്ടർനേറ്റീവ് കമ്മ്യൂണിക്കേഷൻ ഫോർ പേഴ്‌സൺസ് വിത്ത് ഡിസെബിലിറ്റീസ്' എന്ന വിഷയത്തെ അധികരിച്ച് സംസാരിക്കുകയായിരുന്ന അദ്ദേഹം. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ജയചന്ദ്രൻ, പ്രൊഫ. അമീൻ അലി അൽ ജമാൽ (യെമൻ), വെറോണിക്ക ഒലിവേറിയ മെസെറോസ് (ബ്രസീൽ), സ്‌കൂൾ ഓഫ്

ബിഹേവിയറൽ സയൻസസ് മേധാവി ഡോ. രാജീവ് കുമാർ, ഐ.ആർ.എൽ.ഡി. ഡയറക്ടർ ഡോ. കെ. എം. മുസ്തഫ, ജിബിൻ ജോർജ് എന്നിവർ സംസാരിച്ചു. അനീഷ് നായർ, അബ്ദുൾ ഹക്കീം, വെറോണിക്ക എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ആരംഭിച്ച രാജ്യാന്തര സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1821/2019)

## *The New Multiculturalism in Latin American, Erudite Lecture by Argentina Scholar*

**The Latin American societies witness a peculiar social transformation across states in which the crisis in traditional socio-cultural and institutional entities leads to the emergence of charismatic figures, according to Prof. Juan Fernando Calderon, Director of Research and Professor at the Latin American Faculty in Social Sciences at the National University of San Martin, Argentina. Prof. Calderon was delivering Erudite Lecture on "*The New Multiculturalism in Latin American Societies*" hosted by the Inter-University Centre for Social Science Research and Extension (IUCSSRE), Mahatma Gandhi University in collaboration with the Kerala State Higher Education Council (KSHEC) and the Kerala Council for Historical Research (KCHR).**

**Prof. Calderon said that this charisma-based politics has been the pattern during the last decades which saw the rise of Lula, Chavez, Morales, Pope Frances and others. The new multiculturalism that emerged in these societies has culture at the centre of conflicts, with human dignity as a central issue. The local level conflicts get connected to the national and the global platforms. One dark side of this process would be a possible assertion of fundamentalism and chauvinism. Politics is also redefined through a communication policy that in turn redefines the public space. This new public space becomes the site for social and economic changes. In many countries, finance capital has taken the central stage of cultural and capitalist transformation. In this changed situation of the 21st century, the new social movements are defined by the feminist, human rights, ecological and indigenous affirmations, he said. Prof. Calderon also marked certain tendencies that characterize this transformation, including the pervasive presence of new media and social networks, culture of techno-sociability, primarily operating through the youth, a focus on cultural diversity and identity, emergence of new religiosities and a rise in feminist and ecological assertions.**

**Prof Michael Tharakan, Chairman of KCHR chaired the session. Prof Sabu Thomas, Vice Chancellor, Mahatma Gandhi University delivered inaugural Address. Prof. K.M. Seethi, Honorary Director, IUCSSRE welcomed and Prof. Sanal Mohan, Director, KCHR proposed a vote of thanks. Prof. Juan Fernando Calderon also served as Simon Bolivar Professor in the University of Cambridge, UK.**

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 14

# വാർത്താക്കുറിപ്പ് 3

## ലാറ്റിനമേരിക്കയിൽ നവ ബഹുസാംസ്കാരികത രൂപപ്പെട്ടു: പ്രൊഫ. ജുവാൻ ഗുതിയറസ്

മനുഷ്യന്റെ അന്തസ് മുഖ്യഘടകമായി ലാറ്റിനമേരിക്കൻ സമൂഹത്തിൽ സവിശേഷമായ സാമൂഹിക പരിവർത്തനം ഉണ്ടായതായും പുതിയ ബഹുസാംസ്കാരികത രൂപപ്പെട്ടതായും പ്രമുഖ ലാറ്റിനമേരിക്കൻ സാമൂഹികശാസ്ത്രജ്ഞൻ പ്രൊഫ. ജുവാൻ ഫെർണാണ്ടോ കാൽഡിറോൺ ഗുതിയറസ് പറഞ്ഞു. സംസ്ഥാന ചരിത്രഗവേഷണ കൗൺസിലും ഉന്നതവിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവകലാശാല ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനും സംയുക്തമായി എം.ജി. സർവകലാശാല കാമ്പസിൽ സംഘടിപ്പിച്ച ജ്ഞാനപ്രഭാഷണ പരിപാടിയിൽ ലാറ്റിനമേരിക്കയിലെ നവ ബഹുസാംസ്കാരികതയെക്കുറിച്ചും മാറ്റങ്ങളെക്കുറിച്ചും സംസാരിക്കുകയായിരുന്നു അദ്ദേഹം.

വ്യക്തിപ്രഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയമാണ് ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി കണ്ടിരുന്നത്. നിരവധി നേതാക്കൾ ഇതിന്റെ ഭാഗമായി ഉയർന്നുവന്നു. എന്നാൽ സവിശേഷമായ സാമൂഹിക മാറ്റമാണ് നിലവിൽ സംഭവിച്ചിട്ടുള്ളത്. സംഘർഷങ്ങളുടെ മുഖ്യബിന്ദുവായി സംസ്കാരം മാറി. മനുഷ്യന്റെ അന്തസ് മുഖ്യവിഷയമായി. പ്രാദേശികമായ ചെറിയ സംഘർഷങ്ങൾ പോലും ദേശീയ, രാജ്യാന്തരതലത്തിലേക്ക് എത്തുന്നു. മൗലികവാദവും യുദ്ധോത്സുകമായ ദേശസ്നേഹവും ഉറപ്പിക്കുന്ന നിലയിലേക്ക് ഇത് മാറിയേക്കാം. ഫെമിനിസം, മനുഷ്യാവകാശം, പാരിസ്ഥിതിക-തദ്ദേശീയമായ പ്രമാണങ്ങൾ അടിസ്ഥാനമാക്കിയാണ് പുതിയ സാമൂഹിക മുന്നേറ്റങ്ങൾ രൂപപ്പെടുന്നത്. നവമാധ്യമങ്ങൾ,സാമൂഹികശൃംഖലകൾ, സാങ്കേതിക-സംസർഗശീലം അടിസ്ഥാനമാക്കിയ സാംസ്കാരികത, എന്നിവയൊക്കെ മാറ്റത്തെ പ്രത്യേകതരത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട് യുവജനങ്ങളിലൂടെയാണ് ഇത് വ്യാപിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു.

സംസ്ഥാന ചരിത്രഗവേഷണ കൗൺസിൽ ചെയർപേഴ്സൺ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ അധ്യക്ഷത വഹിച്ചു. ഐ.യു.സി.എസ്.എസ്.ആർ.ഇ. ഡയറക്ടർ പ്രൊഫ. കെ.എം. സീതി, കെ.സി.എച്ച്.ആർ. ഡയറക്ടർ പ്രൊഫ. സനൽ മോഹൻ എന്നിവർ പ്രസംഗിച്ചു.

അർജന്റീനയിലെ സാൻ മാർട്ടിൻ നാഷണൽ സർവകലാശാലയിലെ റിസർച്ച് ഡയറക്ടറായ പ്രൊഫ. ജുവാൻ ഗുതിയറസ് യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഹ്യൂമൻ ഡെവലപ്മെന്റ് ആൻഡ് ഗവേഷണൻസ് പ്രത്യേക ഉപദേശകനാണ്. കേംബ്രിഡ്ജ് സർവകലാശാലയിലെ സൈമൺ ബൊളിവർ ചെയർ വിസിറ്റിങ് പ്രൊഫസറും ലാറ്റിനമേരിക്കൻ സോഷ്യൽ സയൻസ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയുമാണ്. 22 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. യൂറോപ്പിലടക്കം വിവിധ രാജ്യങ്ങളിലെ പ്രമുഖ സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസറാണ്.

## ഫോട്ടോ കാപ്ഷൻ

**സംസ്ഥാന ചരിത്രഗവേഷണ കൗൺസിലും ഉന്നതവിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവകലാശാല ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനും സംയുക്തമായി എം.ജി. സർവകലാശാല**

**കാമ്പസിൽ സംഘടിപ്പിച്ച ജ്ഞാനപ്രഭാഷണ പരിപാടിയിൽ പ്രൊഫ. ജുവാൻ ഫെർണാണ്ടോ കാൽഡിറോൺ ഗുതിയറസ് പ്രഭാഷണം നടത്തുന്നു.**

(പി.ആർ.ഒ./39/1821/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ